# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**19.11.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **496**

ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സംയുക്തപരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും സമീപം ക്വാറിക്ക് അനുമതി നൽകിയ കാര്യം പരിശോധിക്കുമോ; | (എ) വന്യജീവി സങ്കേതം, ദേശീയോദ്യാനം എന്നിവയുടെ 10 കി.മീ പരിധിയിൽ ഖനനം നടത്തുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണെന്ന 25.06.2018 തീയതിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ദൂരപരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ ഖനന/അനുബന്ധ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം (NOC) ലഭ്യമാക്കിയാൽ മാത്രമേ ടി മേഖലയിൽ ഖനന പ്രവർത്തനങ്ങൾ അനുവദിക്കുകയുള്ളൂ. |
| (ബി) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും അധികാരമുള്ള പോലീസടക്കം ആറ് ഏജൻസികൾക്ക് സംയുക്ത പരിശോധന നടത്തുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;<br>(സി) കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ്, മലിനീകരണ നിയന്ത്രണബോർഡ്, ജിയോളജി വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ്, റവന്യൂ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ സംയോജിപ്പിച്ച് പരിശോധന നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) & (സി) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും വിവിധ ഏജൻസികൾ ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് നിലവിൽ പ്രയാസമുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് കാര്യക്ഷമമായ ഒരു നിരീക്ഷണ സംവിധാനത്തിനു രൂപം നൽകുന്നതിന് മുൻപായി ആയതിന്റെ പ്രായോഗികവശം സംബന്ധിച്ച പരിശോധന അനിവാര്യമാണ്. ആയതിനാൽ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും കാര്യക്ഷമമായ ഒരു |

സംവിധാനത്തിന് രൂപം നൽകുന്ന വിഷയം വിശദമായി പരിശോധിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**